# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *302** — **17/10/2016-ൽ മറുപടിക്ക്**

## ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യം

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,, അനിൽ അക്കര**
**,, റോജി എം. ജോൺ**
**,, അൻവർ സാദത്ത്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗം ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ടിന് വിരുദ്ധമായ പരസ്യങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയുർവ്വേദ മരുന്നുകളുടെ പരസ്യങ്ങളാണ് കൂടുതൽ ദൃശ്യമാധ്യമങ്ങളിൽ കണ്ടുവരുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിലെ ഷെഡ്യൂൾ ജെ ആയുർവ്വേദ മരുന്നുകൾക്ക് ബാധകമല്ല. ആയുർവ്വേദ മരുന്നുകളുടെ പരസ്യം നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി വരുത്തുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്നമുറയ്ക്ക് പരസ്യങ്ങൾക്കെതിരെ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| ബി) ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ടിന് വിരുദ്ധമായ ഇത്തരം പരസ്യങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| സി) ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുവാൻ കഴിയുന്ന മരുന്നുകൾ, പരസ്യം വഴി വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇതുവരെ 147 കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ